**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3682** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാരുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ രേഖകൾ പ്രകാരം എസ്.സി. വിഭാഗങ്ങളിൽ നിലവിലുള്ള ഭിന്നശേഷിക്കാരുടെ എണ്ണം എത്രയാണ്; ഇവരുടെ ഉന്നമനത്തിനായി സർക്കാർ ഏതെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (എ) | സർക്കാർ തലത്തിൽ ഭിന്നശേഷി സെൻസസ് അവസാനമായി നടത്തിയിട്ടുള്ളത് 2015 ലാണ്. ആയത് പ്രകാരം എസ്.സി. വിഭാഗങ്ങളിൽ ഭിന്നശേഷിക്കാരുടെ എണ്ണം 86755 ആണ്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | എസ്.സി വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 10587 |
| 2 | കൊല്ലം | 9251 |
| 3 | പത്തനംതിട്ട | 4960 |
| 4 | ആലപ്പുഴ | 5973 |
| 5 | കോട്ടയം | 4555 |
| 6 | ഇടുക്കി | 3843 |
| 7 | എറണാകുളം | 8646 |
| 8 | തൃശ്ശൂർ | 9581 |
| 9 | പാലക്കാട് | 10038 |
| 10 | മലപ്പുറം | 8088 |
| 11 | കോഴിക്കോട് | 6124 |
| 12 | വയനാട് | 1148 |
| 13 | കണ്ണൂർ | 2159 |
| 14 | കാസർഗോഡ് | 1802 |
| | ആകെ | 86755 |

ഭിന്നശേഷിക്കാരായ പട്ടികജാതി വിഭാഗക്കാരുടെ പുനരധിവാസത്തിനും ശാക്തീകരണത്തിനുമായി 2024-25 സാമ്പത്തിക വർഷം 'ഏബിൾ കേരള' എന്ന പദ്ധതിക്കായി ബജറ്റിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷനും കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനും മുഖേന പ്രായോഗികയമായ ഒരു പദ്ധതിയുടെ

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലായിരിക്കും പട്ടികജാതി വികസന വകുപ്പ് ഇത് നടപ്പിലാക്കുക.<br><br>സാമൂഹ്യനീതി വകുപ്പ് മുഖേനയും വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ മുഖേനയും ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. അങ്ങനെ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും അർഹതയ്ക്ക് വിധേയമായി പട്ടികജാതി വിഭാഗക്കാർക്കും നടപ്പിലാക്കി വരുന്നുണ്ട്. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് (SID) **അനുയാത്രാ** എന്ന പേരിൽ എസ്.സി. വിഭാഗത്തിലുൾപ്പെടെയുള്ള എല്ലാ ഭിന്നശേഷിക്കാർക്കുമായി ഏർളി ഇന്റർവെൻഷൻ സെന്ററുകൾ, സ്പെഷ്യൽ അങ്കണവാടികൾ, ഓട്ടിസം സെന്ററുകൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ